എം.പി(3) 4575/2020.

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി. 16.12.2020.

## സർക്കുലർ നമ്പർ. 80/2020

വിഷയം:- സഹകരണവകുപ്പ്-മാർക്കറ്റിംഗ് - കേന്ദ്ര, സംസ്ഥാന സർക്കാരുകൾ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന Sub Mission on Agriculture Mechanisation (SMAM) പദ്ധതി പ്രകാരം റെയ്ഡ്കോ-യിൽ നിന്ന് യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 1. റെയ്ഡ്കോ മാനേജിംഗ് ഡയറക്ടറുടെ 21/07/2020 ലെ എം.കെ/2020-21/961 നമ്പർ അപേക്ഷ.

2. കണ്ണൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ)ന്റെ 30/09/2020 ലെ 4298/2020/എച്ച്.എം.നമ്പർ കത്ത്.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന സബ് മിഷൻ ഓൺ അഗ്രികൾച്ചർ മെക്കനൈസേഷൻ (SMAM) പദ്ധതി പ്രകാരം കർഷകൻ/സഹകരണ സംഘങ്ങൾ എന്നിവർക്ക് യന്ത്രസാമഗ്രികൾ എവിടെ നിന്നും വാങ്ങാമെന്നും, വാങ്ങുന്ന സാധനങ്ങൾക്ക് 40-50% വരെ സബ്സിഡി കർഷകർക്കും, 60-80% വരെ സബ്സിഡി സൊസൈറ്റികൾക്കും ലഭിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. റീജിയണൽ അഗ്രോ ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് ഓഫ് കേരള ലിമിറ്റഡ് നമ്പർ. സി 361 (റെയ്ഡ്കോ കേരള) എന്ന സ്ഥാപനം തുടങ്ങിയത് കേരളത്തിലെ കർഷകർക്കാവശ്യമായ കാർഷിക യന്ത്രങ്ങളും അനുബന്ധ സാമഗ്രികളും മിതമായ നിരക്കിൽ എത്തിച്ച് നൽകുക എന്ന ലക്ഷ്യത്തോടെയാണ്. വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി റെയ്ഡ്കോ മാലിന്യ സംസ്കരണ മേഖലയിലെ ബയോഗ്യാസ് പ്ലാന്റുകൾ, റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾ, പൈപ്പ് കമ്പോസ്റ്റുകൾ എന്നിവ നിർമ്മിച്ച് വിതരണം നടത്തി വരുന്നുണ്ട്. SMAM പദ്ധതിയിൽ സൊസൈറ്റികൾ റെയ്ഡ്കോ വഴി കാർഷിക യന്ത്രങ്ങൾ വാങ്ങുകയാണെങ്കിൽ റെയ്ഡ്കോയ്ക്ക് സഹായകരമാകുമെന്ന് റെയ്ഡ്കോ മാനേജിംഗ് ഡയറക്ടർ സൂചന (1)പ്രകാരം അപേക്ഷിക്കുകയും അതിനു

സാധ്യമാകുംവിധം സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നൽകുന്നതിനായി സൂചന (2) പ്രകാരം കണ്ണൂർ ജോയിന്റ് രജിസ്ട്രാർ(ജനറൽ) ശുപാർശ ചെയ്തിട്ടുള്ളതുമാണ്.

"സഹകരണ സംഘങ്ങൾ തമ്മിലുള്ള സഹകരണം" എന്ന തത്വത്തിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ തങ്ങളാൽ കഴിയും വിധം പരസ്പരം സഹായിച്ച് നിലനിൽക്കുന്നതിനു പരിശ്രമിക്കേണ്ടതായിട്ടുണ്ട്. മേൽ സാഹചര്യത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങൾ സബ് മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (SMAM) പദ്ധതി ഉൾപ്പെടെയുള്ള ആവശ്യത്തിലേക്ക് കാർഷിക യന്ത്രങ്ങൾ റെയ്ഡ്കോയിൽ നിന്നും വാങ്ങി ടി സംഘത്തെ സഹായിക്കുകയും ടി സംഘത്തിന്റെ വ്യാപാരം പ്രോത്സാഹിപ്പിക്കുകയും ചെയ്യണമെന്ന് അറിയിക്കുന്നു.

(ഒപ്പ്)
ഡോ.നരസിംഹുഗരി റ്റി.എൽ.റെഡ്ഡി. IAS
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:- 1. മാനേജിംഗ് ഡയറക്ടർ, റെയ്ഡ്കോ
2. സഹകരണ ആഡിറ്റ് ഡയറക്ടർ
3. എല്ലാ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) എന്നിവർക്ക്.
4. എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
5. വെബ് സൈറ്റ്
6. സ്റ്റോക്ക് ഫയൽ/സ്പെയർ

//നിർദ്ദേശാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ(എം.പി)